**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2865** — **03-08-2021 - ൽ മറുപടിയ്ക്ക്**

**ഡോ. റ്റി.കെ.ആനന്ദി കമ്മിറ്റി റിപ്പോർട്ട്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ഷാഫി പറമ്പിൽ** | | **Smt Veena George**<br>**(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)** | |
| (എ) | 2017-ൽ ഐ.സി.ഡി.എസ്. സൂപ്പർവൈസർമാർ നേരിടുന്ന പ്രശ്നങ്ങളെപ്പറ്റി പഠിക്കാൻ നിയോഗിച്ച ഡോ. റ്റി.കെ.ആനന്ദി കമ്മിറ്റിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (എ) | ഐ.സി.ഡി.എസ്. സൂപ്പർവൈസർമാർ നേരിടുന്ന പ്രശ്നങ്ങളെപ്പറ്റി പഠിക്കാൻ ഇത്തരത്തിൽ ഒരു കമ്മിറ്റിയെ സർക്കാർ നിയോഗിച്ച് ഉത്തരവ് നൽകിയിട്ടില്ല. |
| (ബി) | മേൽ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഒരു ഐ.സി.ഡി.എസ്. സൂപ്പർവൈസറുടെ ചുമതലയിൽ ഉള്ള അംഗനവാടികളുടെ എണ്ണത്തിന്റെ അനുപാതത്തിൽ മാറ്റം വരുത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ; | (ബി) | ഐ.സി.ഡി.എസ്. സൂപ്പർവൈസർമാർ നേരിടുന്ന പ്രശ്നങ്ങളെപ്പറ്റി പഠിക്കാൻ ഇത്തരത്തിൽ ഒരു കമ്മിറ്റിയെ സർക്കാർ നിയോഗിച്ച് ഉത്തരവ് നൽകിയിട്ടില്ല. |
| (സി) | നിലവിൽ ഐ.സി.ഡി.എസ്. സൂപ്പർവൈസർ റാങ്ക് ലിസ്റ്റ് പ്രാബല്യത്തിലുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ കാലാവധി ഏതുവരെ, എത്രപേർക്ക് നിയമനം നൽകി, എത്ര ഒഴിവുകൾ റിപ്പോർട്ട് ചെയ്യപ്പെട്ടതിൽ നടപടി സ്വീകരിക്കാനുണ്ട്; വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (സി) | നിലവിൽ ഐ.സി.ഡി.എസ്. സൂപ്പർവൈസർ തസ്തികയിലെ ജനറൽ കാറ്റഗറിയിലെ റാങ്ക് ലിസ്റ്റ് (കാറ്റഗറി നം.238/2018, റാങ്ക് ലിസ്റ്റ് നമ്പർ 83/2021/ER XIII തീയതി 23.02.2021) നിലവിലുണ്ട്. പ്രസ്തുത ലിസ്റ്റിന്റെ പരമാവധി കാലാവധി ലിസ്റ്റ് പ്രാബല്യത്തിൽ വന്ന തീയതി മുതൽ മൂന്ന് വർഷം വരെയാണ്. ടി ലിസ്റ്റിൽ നിന്നും നാളിതുവരെ 176 ഉദ്യോഗാർത്ഥികൾക്ക് നിയമന ഉത്തരവ് നൽകിയിട്ടുണ്ട്. നിലവിൽ ശേഷിക്കുന്ന 42 ഒഴിവുകളിലേയ്ക്ക് പി.എസ്.സി.യിൽ നിന്നും നിയമന ശുപാർശ ലഭിയ്ക്കാനുണ്ട്. ഡിഗ്രി യോഗ്യതയും 10 വർഷ അങ്കണവാടി പരിചയവുമുള്ള അങ്കണവാടി ക്വാട്ടയിലെ റാങ്ക് ലിസ്റ്റ് 19.07.2017ൽ നിലവിൽ വന്നിട്ടുള്ളതും ആയതിന്റെ കാലാവധി 18.07.2020ന് അവസാനിച്ചിട്ടുള്ളതുമാണ്. ടി കാറ്റഗറിയിലെ ആകെ അനുവദനീയമായ 146 തസ്തികകളിൽ 145 ഐ.സി.ഡി.എസ്. സൂപ്പർവൈസർമാർ നിലവിൽ വകുപ്പിൽ സേവനമനുഷ്ഠിയ്ക്കുന്നുണ്ട്. ശേഷിക്കുന്ന 1 ഒഴിവ് OX ഉദ്യോഗാർത്ഥിയുടെ അഭാവത്തിൽ പി.എസ്.സി.യിൽ നിന്നും നികത്താനുണ്ട്. എസ്.എസ്.എൽ.സി. യോഗ്യതയും 10 വർഷ അങ്കണവാടി സേവന പരിചയവുമുള്ള അങ്കണവാടി |

| | | | |
|---|---|---|---|
| | | | ക്വാട്ടയിലെ 136 ഒഴിവുകൾ പി.എസ്.സി.യിൽ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ടി കാറ്റഗറിയിലെ റാങ്ക് ലിസ്റ്റ് നിലവിൽ വന്നിട്ടില്ല. |

സെക്ഷൻ ഓഫീസർ